**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6234** **17-03-2023 - ൽ മറുപടിയ്ക്ക്**

**എറണാകുളം സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിലെ മെഡിക്കൽ കോളേജുകൾ സർക്കാർ മെഡിക്കൽ കോളേജുകളാക്കി മാറ്റുന്നതിനോടനുബന്ധിച്ച് സഹകരണ മെഡിക്കൽ കോളേജുകളിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഉൾക്കൊള്ളിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഉൾക്കൊളളിക്കുന്നത്.<br><br>കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)ന്റെ ഉടമസ്ഥതയിലുള്ള എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഉൾപ്പെടുത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിരുന്നില്ല. അതാത് തസ്തികയിലെ യോഗ്യത പരിശോധിക്കുക മാത്രമാണ് ചെയതത്. |
| (ബി) | കണ്ണൂർ സഹകരണ മെഡിക്കൽ കോളേജ് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഓപ്ഷൻ വ്യവസ്ഥകൾക്ക് അനുസൃതമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് വരുന്നതിനുള്ള സാഹചര്യം ഉണ്ടായിരുന്നതുപോലെ എറണാകുളം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ ജീവനക്കാരെ പ്രസ്തുത വകുപ്പിലേക്ക് ഉൾക്കൊള്ളിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഉൾക്കൊളളിക്കുന്നത്.<br><br>കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)ന്റെ ഉടമസ്ഥതയിലുള്ള എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഉൾപ്പെടുത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിരുന്നില്ല. അതാത് തസ്തികയിലെ യോഗ്യത പരിശോധിക്കുക മാത്രമാണ് ചെയതത്. |
| (സി) | എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റിയപ്പോൾ മിനിസ്റ്റീരിയൽ ജീവനക്കാരെ മാത്രം മാനദണ്ഡ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പ്രകാരമല്ലാതെ സ്ഥാനക്കയറ്റ തസ്തികകളിലേക്ക് ഉൾക്കൊള്ളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ